# തെരഞ്ഞെടുപ്പ് അടുക്കുന്നു; വനനശീകരണം കൂടുന്നു

സ്വന്തം ലേഖകൻ

കേരളത്തിലെ കാട്ടുകളിൽ മരംവെട്ടും മൃഗവേട്ടയും അസാധാരണമാം വിധം കൂടിയത് വനംവകപ്പിലെ ഉന്നതദ്യോഗസ്ഥരെ കഴയ്ക്കുന്നു.

സൈലന്റ് വാലി, പറമ്പിക്കുളം, മലമ്പുഴ, ശിരുവാണി എന്നിവ ഉൾപ്പെടുന്ന നീലഗിരി ബയോസ്ഫിയർ മേഖലയിലും വയനാടൻ കാട്ടുകളിലും തെക്ക് അച്ചൻകോവിൽ, ശബരിമല, തേക്കടി, വള്ളക്കടവ് എന്നീ വനമേഖലകളിൽ ആണ് മരംവെട്ടും മൃഗവേട്ടയും വ്യാപകമായിട്ടുള്ളത്.

സാധാരണ പാർലിമെന്റ്-നിയമസഭ തെരഞ്ഞെടുപ്പുകളുടെ മുന്നോടിയായുള്ള പ്രവർത്തനങ്ങൾ രാഷ്ട്രീയ പാർട്ടികൾ ആരംഭിക്കുമ്പോഴെ കേരളത്തിലെ കാട്ടുകളിൽ മരംവെട്ടും മൃഗവേട്ടയും വ്യാപകമാകും. കേരളത്തിൽ മാത്രമല്ല, ഇന്ത്യയിൽ മൊത്തമായി വനസംരക്ഷണരംഗം നേരിടുന്ന കനത്ത വെല്ലുവിളിയാണ് തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് അരങ്ങേറുന്ന വ്യാപകമായ വനനശീകരണം.

അതുവരെ ഒളിഞ്ഞും വല്ലപ്പോഴും മരംവെട്ടിനും മൃഗവേട്ടയ്ക്കും ഇറങ്ങിയിരുന്നവർ ഇലക്ഷൻ വരുന്നതോടെ പരസ്യമായും സംഘടിതമായും വനംവെട്ടിനും മൃഗനായാട്ടിനും ഇറങ്ങുന്നു.

ഈ സമയത്ത് നടക്കുന്ന മരംവെട്ടും മൃഗനായാട്ടും കേരളത്തിലുൾപ്പടെയുള്ള വനംവകപ്പുദ്യോഗസ്ഥർ കണ്ടില്ലെന്ന് നടിക്കുകയാണ് പതിവ്. ഉന്നതങ്ങളിൽ നിന്നുള്ള നിർദ്ദേശമാണത്രെ ഇതിനു പിന്നിൽ. കേരളത്തിൽ ഇത്തരം വനനശീകരണത്തിന് എപ്പോഴും ചൂക്കാൻ പിടിക്കുക ഭരണമുന്നണിയിലെ പ്രബലനായ കക്ഷിയുടെ പ്രാദേശിക നേതാക്കളും വനംവകപ്പ് കയ്യാളുന്ന പാർട്ടിയുടെ നേതാക്കളും ആണത്രേ.



**സാധാരണ പാർലിമെന്റ്-നിയമസഭ തെരഞ്ഞെടുപ്പുകളുടെ മുന്നോടിയായുള്ള പ്രവർത്തനങ്ങൾ രാഷ്ട്രീയപാർട്ടികൾ ആരംഭിക്കുമ്പോഴെ കേരളത്തിലെ കാട്ടുകളിൽ മരംവെട്ടും മൃഗവേട്ടയും വ്യാപകമാകും. കേരളത്തിൽ മാത്രമല്ല, ഇന്ത്യയിൽ മൊത്തമായി വനസംരക്ഷണരംഗം നേരിടുന്ന കനത്ത വെല്ലുവിളിയാണ് തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് അരങ്ങേറുന്ന വ്യാപകമായ വനനശീകരണം.**

ഇപ്പോൾ കേരളത്തിൽ വ്യാപകമായി നടക്കുന്ന വനനശീകരണത്തിന് വകപ്പ് മന്ത്രിയുടെ പാർട്ടി മാത്രമേ രംഗത്ത് എത്തിയിട്ടുള്ളൂ. വലിയേട്ടന്മാർ ഇനിയും വരാനുണ്ട് എന്നർത്ഥം. എന്തായാലും വനംവകപ്പ് ഉദ്യോഗസ്ഥർ പറ്റാവുന്ന ഒത്താശകൾ എല്ലാം ചെയ്തുകൊടുത്ത് വനനശീകരണത്തിന് തങ്ങളാലാകുന്ന സഹായം ചെയ്യുന്നുണ്ട്.

കഴിഞ്ഞ മാസം മലമ്പുഴ ഡാമിനോട് ചേർന്നുള്ള കാട്ടുകളിൽ പല്ലും നഖവും എടുക്കാനായി വേട്ടക്കാർ കൊന്ന മൂന്ന് പുള്ളിപ്പുലികളുടെ ജഡങ്ങൾ കണ്ടിട്ട് എത്രയും പെട്ടന്ന് തെളിവുകൾ നശിപ്പിക്കുകയായിരുന്നു വനംവകപ്പ് ഉദ്യോഗസ്ഥർ ചെയ്തത്.

വിലകൂടിയ മരങ്ങൾക്ക് പുറമേ, ആനക്കൊമ്പും കടുവയുടെയും പുലികളുടെയും പല്ലും നഖവുമാണ് കാട്ടുകയറുന്നവരുടെ ലക്ഷ്യം.

കടുവയുടെയും പുലിയുടെയും പല്ലിനും നഖത്തിനും എല്ലിനും അന്താരാഷ്ട്ര മാർക്കറ്റിൽ ഈയിടെ വൻതോതിൽ വില വർദ്ധിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ മൃഗങ്ങൾക്ക് വേണ്ടിയുള്ള വേട്ട കേരളത്തിലെ കാട്ടുകളിൽ ഊർജ്ജിതമായിട്ടുണ്ട്.

മുൻപെങ്ങും കേരളത്തിൽ കാണപ്പെടാത്ത പ്രവണതയാണ് ഇത്. ഒരു കടുവയുടെ പല്ലിനും നഖത്തിനും എല്ലിനും ദില്ലിയിലെ കരിഞ്ചന്തയിൽ മൂന്നു ലക്ഷത്തോളം വില കിട്ടുമത്രേ. രാജ്യാതിർത്തി കടന്നാൽ വില പത്ത് ഇരട്ടിയോളം കൂടും. കടുവയെ വേട്ടയാടുന്നതിൽ പ്രത്യേക പരിശീലനം ലഭിച്ച ഗ്രൂപ്പുകൾ വരെ കേരളത്തിലെ കാട്ടുകളിൽ വേട്ടയ്ക്ക് എത്തിയിട്ടുണ്ട് എന്നറിയുന്നു.